പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ്മൂലം ഗ്രാമീണ ഉപജീവന മാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്. നിർവ്വഹണ വകുപ്പ് അടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധത്തിൽ കാണാവുന്നതാണ്.

റബ്ബർ വിലയിടിവ്

180 (3465) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബർ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റബ്ബറിന് ഈ വിധത്തിൽ വിലയിടിവ് ഉണ്ടാകുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം വിലയിടിവിന് കാരണമായിട്ടുള്ള കരാറുകൾ നിലവിലുണ്ടോ ;

(ഡി) പ്രസ്തുത കരാറുകൾ എന്ന് മുതലാണ് നിലവിൽ വന്നതെന്നും ഈ കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റബ്ബർ ഒരു വ്യാവസായിക പ്രാധാന്യമുള്ള ഉല്പന്നമായതിനാൽ ഇതിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി തീരുവ കുറവായതുകാരണം മലേഷ്യ, തായ്ലന്റ് ഉൾപ്പെടെയുള്ള ആസിയാൻ രാജ്യങ്ങളിൽ നിന്നും റബ്ബർ ഇറക്കുമതി ചെയ്യുന്നതും ഇതിന്റെ വിലയിടിവിന് കാരണമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആസിയാൻ രാജ്യങ്ങളുമായിട്ടുള്ള സ്വതന്ത്ര വ്യാപാര കരാർ റബ്ബർ വിലയിടിവിന് കാരണമായിട്ടുണ്ട്.

(ഡി) 2010 ജനുവരി 1 മുതലാണ് ഈ കരാർ നിലവിൽ വന്നത്.

വിഷരഹിത പച്ചക്കറി പദ്ധതിയുടെ സൗജന്യ വിത്ത് വിതരണം

181 (3466) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷരഹിത പച്ചക്കറി പദ്ധതിയുടെ സൗജന്യ വിത്ത് വിതരണം ജനശ്രീക്ക് നൽകിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) കഴിഞ്ഞ വർഷം നിലവാരമില്ലാത്ത വിത്തുകൾ കൃഷിവകുപ്പിലെ ചില ഉദ്യോഗസ്ഥർ ഇടപെട്ട് സ്വകാര്യ ഫാമുകളിൽ നിന്നും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയെന്ന വാർത്തയിൽ സത്യമുണ്ടോയെന്നും ഇതിൽ അഴിമതി നടന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ പോലുള്ള ഏതെങ്കിലും സംഘടനകളെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിഷരഹിത പച്ചക്കറി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ ജൈവ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ട് വിഷരഹിത പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 2014-15-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി കൃഷിക്ക് സൗജന്യമായി വിത്ത് കിറ്റുകൾ നൽകുക എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകെ രണ്ടര ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ കൃഷിക്കായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ജനശ്രീ മിഷനേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ നൽകിയത് വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളം, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മുഖേന മാത്രമാണ്. സ്വകാര്യ ഫാമുകൾ വഴി വിത്ത് വാങ്ങുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly